**Total No. of Pages : 3**

Register Number :

# 5011

Name of the Candidate :

**B.A./B.Sc./B.Music/B.Dance DEGREE EXAMINATION**
**MAY 2015.**

**(MALAYALAM)**

**(SECOND YEAR)**

**(PART I)**

**615 — PROSE AND DRAMA**

Time : Three hours | Maximum : 100 marks

---

## SECTION A

താഴെ കൊടുത്തിരിക്കുന്ന നാലു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4 × 15 = 60)**

1. (a) കർണ്ണനെ വലിയ അപമാനത്തിൽ നിന്നും ദുര്യോധനൻ രക്ഷിച്ചതെങ്ങനെ?

അല്ലെങ്കിൽ

(b) മാർക്കണ്ഡേയന്റെ ചിരിയെക്കുറിച്ച് കുട്ടികൃഷ്ണമാരാരുടെ അഭിപ്രായമെന്ത്?

2. (a) ദുര്യോധനന്റെ സ്വഭാവത്തിലെ നന്മകളെപ്പറ്റി ഉദാഹരണസഹിതം വിവരിക്കുക.

അല്ലെങ്കിൽ

(b) അർജ്ജുനനോടുള്ള ഈറയെക്കാളും വലുത് ദുര്യോധനോടുള്ള കൂറാണെന്ന് കർണ്ണൻ തെളിയിച്ചതെങ്ങനെ?

3. (a) അംബയുടെ പുനർജനിയെപ്പറ്റി വിശദമാക്കുക.

അല്ലെങ്കിൽ

(b) 'കന്യക' എന്ന പേര് നാടകത്തിന് യോജിക്കുന്നുണ്ടോ?

4. (a) സഹോദരന്മാർ തമ്മിലുള്ള പോരിനെ മാരാർ വ്യാഖ്യാനിക്കുന്നതെങ്ങനെ?

അല്ലെങ്കിൽ

(b) ദേവകിക്കുട്ടി ജോലി രാജിവെക്കാനുണ്ടായ സാഹചര്യത്തെപ്പറ്റി വിലയിരുത്തുക.

## SECTION B

**(4 × 5 = 20)**

5. ഏതെങ്കിലും നാലു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

   (a) ഭീഷ്മർക്ക് സ്വച്ഛന്ദമരണം നല്കി അനുഗ്രഹിച്ചതാര്? എപ്പോൾ?

   (b) കർണ്ണനെ ജാതി പറഞ്ഞ് ആക്ഷേപിച്ച ഭീമന് ദുര്യോധനൻ നല്കിയ മറുപടി എന്ത്?

   (c) കുന്തി മോഹാലസ്യപ്പെട്ടതെപ്പോൾ? എന്തുകൊണ്ട്?

   (d) ഭീഷ്മരുടെ ധർമ്മനിശ്ചയം എന്തായിരുന്നു?

   (e) "കാറില്ലാതെ എന്തൊരു വില!" - ഇവിടെ തെളിയുന്ന രാജശേഖരന്റെ മാനസിക നില എന്ത്?

   (f) "ഹയ്യോ! ഇതെന്തൊരു സൊപ്നം!" - ആരുടെ വാക്കുകൾ? സ്വപ്നം എന്ത്?

   (g) "ആ കൊള്ളരുതാത്ത കണ്ണാടി എനിക്കു കാണണ്ട" - എന്നു പറഞ്ഞതാര്? കാരണമെന്ത്?

## SECTION C

**(5 × 2 = 10)**

6. ഏതെങ്കിലും അഞ്ച് ചോദ്യത്തിന് ഉത്തരമെഴുതുക.

   (a) 'നിങ്ങൾ എത്ര നാളായി ജീവിക്കുന്നു! ഇനി ഞാനൊന്നു ജീവിക്കട്ടെ' - ആരാണിങ്ങനെ പറഞ്ഞത്? സാഹചര്യമെന്ത്?

   (b) കൃഷ്ണപ്പണിക്കർ ദുരാഗ്രഹിയായ ഒരച്ഛനാണോ? വിശദമാക്കുക.

   (c) ഭാരതിയെ തിരിച്ചു കൊണ്ടുവരണമെന്ന് രാജശേഖരനോട് ദേവകിക്കുട്ടി പറയുന്നതെന്തുകൊണ്ട്?

   (d) നാടകത്തിൽ വേലുപ്പിള്ളയുടെ സ്ഥാനമെന്ത്?

   (e) 'ഈ വേദവാക്യത്തിന്റെ മുമ്പിലാണ് ഞാൻ തോൽവി സമ്മതിച്ചു മുട്ടുകുത്തുന്നത്' - ആര്? വേദവാക്യമെന്ത്?

   (f) അകൃതവ്രണൻ അംബയെ സഹായിച്ചതെങ്ങനെ?

   (g) കർണ്ണാർജ്ജുനന്മാർ ദ്വന്ദ്വയുദ്ധത്തിനു തയ്യാറായി നിന്നപ്പോൾ പ്രകൃതിയ്ക്കുണ്ടായ മാറ്റമെന്തായിരുന്നു?

## SECTION D

**(5 × 2 = 10)**

7. ഏതെങ്കിലും അഞ്ച് ചോദ്യത്തിന് ഉത്തരമെഴുതുക.

   (a) ജാനു കൊണ്ടു വന്നു കൊടുത്ത പാട്ടിന്റെ പ്ലേറ്റ് ദേവകിക്കുട്ടി എന്തു ചെയ്തു?

   (b) 'അതേ. പറഞ്ഞു. അതെത്ര തവണ പറഞ്ഞാലും കൂടിപ്പോവുല്ല' - എന്ത്?

(c) 'അതിനേക്കാൾ പതിന്മടങ്ങ് നന്നായിരിക്കണം' - മാധവിയമ്മ എന്തിനെപ്പറ്റിയാണ് ഇങ്ങനെ പറഞ്ഞത്?

(d) യോഗികളെപ്പോലും ദുർമാർഗ്ഗത്തിലേക്ക് വലിച്ചിഴയ്ക്കുന്നതെന്താണ്?

(e) അധിരഥനെ കണ്ടപ്പോൾ കർണ്ണന്റെ പ്രതികരണമെന്തായിരുന്നു?

(f) ശന്തനുവിന്റെ ദുഃഖത്തിന്റെ കാരണം എന്തായിരുന്നു?

(g) ധർമ്മത്തെപ്പറ്റി മാർക്കണ്ഡേയന്റെ പക്ഷമെന്തായിരുന്നു?

---